● പി.എ.എം ഹനീഫ്

# ചിരിയും ചിന്തയും

**'പ്രവാചകൻ** മുഹമ്മദ് നബി(സ) ചിരിച്ചിട്ടുണ്ടോ...? ഉണ്ട്.. പക്ഷേ, അതൊന്നും നിങ്ങളിൽ ചിലർ ചിരിക്കുന്ന തരത്തിലുള്ളതല്ല.' നിർദോഷമായ ചിരി സഭയിൽ പടരുമ്പോൾ ചില പണ്ഡിതരെങ്കിലും ഗുണദോഷിക്കാറുള്ളതിങ്ങനെയാണ്.

'ആഘോഷിക്കുന്നവർക്ക് ലോകം ഒരു നേരംപോക്കാണ്...' എന്ന കാർലൈലിന്റെ മഹദ്വചനങ്ങളിലൊന്നും പ്രവാചകന്റെ ചിരിയോ ചിരിപ്പിക്കലോ പെടില്ല. ഇസ്‌ലാമിക ചരിത്രങ്ങൾ പരിശോധിച്ചാൽ പ്രവാചകന്റെ ചിരിയിലും ദയയുടെ വിത്ത് അടങ്ങിയിരുന്നു എന്ന് മനസ്സിലാകും. നബി(സ) ചിരി ഇഷ്ടപ്പെട്ടെന്നു മാത്രമല്ല, തനിക്കു നേരെ 'ആക്ഷേപഹാസ്യ'മായി ഒരു കൂരമ്പു വന്നപ്പോൾ തികഞ്ഞ സംശയത്തോടെ ആ മഹാഗുരു ഹൃദയം നിറഞ്ഞ് ചിരിച്ചു. ഏറെ പ്രസിദ്ധമായ ആ ഈത്തപ്പഴ സംഭവം തന്നെ ഉദാഹരണം. അനുചരന്മാർക്കൊപ്പം നബി(സ) ഈത്തപ്പഴം ഭക്ഷിക്കുന്നു. ഇടയ്ക്കൊരു കുസൃതി. ഈത്തപ്പഴക്കുരുകളൊന്നാകെ അലിയുടെ മുന്നിലേക്ക് നീക്കിവെച്ചു. ചരിത്രത്തിൽ പറയുന്നില്ലെങ്കിലും ഈ കുസൃതി കാണിക്കുമ്പോൾ പ്രവാചക വദനങ്ങളിൽ വിടർന്ന ചിരി ഊഹിക്കാം...

'അലീ.... താങ്കൾ എത്രയാണ് ഈത്തപ്പഴം തിന്നത്... എത്രമാത്രം കുരുവാണിത്...?

അലി ഒട്ടും വൈകാതെ പ്രതികരിച്ചു:

'ഞാൻ ഈത്തപ്പഴം മാത്രമേ തിന്നിട്ടുള്ളൂ. താങ്കളെപ്പോലെ കുരുവും കൂടി തിന്നിട്ടില്ല...'

പ്രവാചകൻ ഫലിതം ശരിക്കും ആസ്വദിച്ചതായാണ് ചരിത്രം. ഈ മട്ടിലൊരു രംഗം നമുക്കിന്ന് സങ്കൽപിക്കാനാവുമോ?

നർമബോധമുള്ളൊരു സഹൃദയ നേതൃത്വം ഇന്നുണ്ടോ...? എല്ലാവർക്കും തിരക്കോടു തിരക്ക്. ഒന്നു ചിരിപ്പിക്കാൻ ആർക്കാണ് നേരം..?

ഇനി നേതാക്കൾ അവ്വിധമൊരു തമാശ കാണിച്ചാൽ 'താങ്കൾ കുരുകൂടി തിന്നുകളഞ്ഞു' എന്ന് പ്രതികരിക്കാൻ മാത്രം നർമബോധമോ ധൈര്യമോ ഉള്ള അനുയായിവൃന്ദം ഇന്നുണ്ടോ? നേതാക്കൾ തമാശ പറഞ്ഞാൽ അവരുടെ ഗൗരവം ചോർന്നു പോകുമെന്നാണ് ഭാവം. നേതാക്കളോട് തമാശ പറയുന്നത് അവരെ അനാദരിക്കലും.

ഒരു ലഘുനാടകത്തിൽ, നേരിയ ആക്ഷേപഹാസ്യം തനിക്കുനേരെ വന്നുവെന്നറിഞ്ഞ ഒരു നേതാവ് തന്റെ കീഴ്ജീവനക്കാരനോട് 'അന്റെ തമാശ നാടകം ഇതിനകത്തു വേണ്ട..' എന്ന് ഭീഷണി മുഴക്കിയത് ഓർക്കുന്നു.

'ഒരു ചിരിയെ നേരിടാനാവാത്ത യാതൊരു പ്രസ്ഥാനവും കാലത്തെ അതിജീവിക്കില്ല...' എന്ന പ്രഖ്യാത വചനം ഇവിടെ സ്മരണീയമാണ്.

നുഅ്മാനുബ്നു അംറ് എന്ന സ്വഹാബിയുടെ ജീവിതത്തിലേക്കു നോക്കൂ! ബദ്റിലും ഉഹ്ദിലും പങ്കെടുത്ത ഈ അൻസ്വാരി സ്വഹാബി ഇസ്‌ലാമിക ചരിത്രത്തിലെ മഹാകുസൃതിക്കാരനായിരുന്നു. പ്രവാചകന്റെ അടുക്കൽ ഉന്നത സ്ഥാനമാണ് നുഅ്മാനുണ്ടായിരുന്നത്.

തടിച്ചു കൊഴുത്ത ഒട്ടകവുമായി ഗ്രാമീണനായ ഒരു അറബി നബിയെ പള്ളിയിൽ കാണാൻ വരുന്നു. തന്റെ അരുമയായ ഒട്ടകത്തെ ആ സാധു ഗ്രാമീണൻ പള്ളിയുടെ കവാടത്തിൽ കെട്ടിയിട്ടു. നബിയെ സന്ദർശിക്കാൻ അയാൾ പള്ളിക്കകത്തേക്കു നടന്നു. കൊഴുത്ത ഒട്ടകത്തെ കണ്ട ഒരു സ്വഹാബി നുഅ്മാനോട് ചോദിച്ചു:

'ഈ ഒട്ടകത്തെ കണ്ടിട്ട് അതിന്റെ ഇറച്ചി തിന്നാൻ താങ്കൾക്ക് കൊതി തോന്നുന്നില്ലേ...?'

'കൊതിയുണ്ട്, പക്ഷേ, അതിനെ അറുത്താൽ പകരം ഒട്ടകത്തിനെന്തു ചെയ്യും....?'

നുഅ്മാൻ നിസ്സഹായനായി. സ്വഹാബികൾ നുഅ്മാനെ പിരികയറ്റി.

'പകരം ഒട്ടകത്തെ നബിതിരുമേനി കൊടുത്തുകൊള്ളും.'

നുഅ്മാൻ സംശയിച്ചില്ല. കത്തി എടുത്തു; ഒട്ടകത്തെ അറുത്തു. പിന്നെ സുഭിക്ഷമായ സദ്യകൊണ്ട് രംഗം ആഹ്ലാദമയം... അവിടെങ്ങും ചിരി പൂത്തു വിടർന്നു. ഈ നേരം ഗ്രാമീണൻ പ്രവാചക സന്നിധിയിൽനിന്ന് തിരിച്ചുവന്നു.

'എന്റെ ഒട്ടകം എവിടെ...?' ഏറെ നേരം തെരഞ്ഞു. ഒടുവിൽ അയാൾ കരച്ചിലായി. ബഹളം കേട്ട് പ്രവാചകൻ പള്ളിയിൽ നിന്നിറങ്ങി വന്നു. നുഅ്മാൻ പ്രവാചകനെ കണ്ടതും പിടികൊടുക്കാതെ ഓടി ഒളിച്ചു. ഗ്രാമീണനാകട്ടെ കരച്ചിൽ നിർത്തുന്നില്ല. അയാൾക്ക് അത്രയേറെ അരുമയായിരുന്നു ആ ഒട്ടകം.

'നുഅ്മാൻ എവിടെ..?' തിരുമേനി അന്വേഷിച്ചു. നുഅ്മാനെ കാണാനില്ല. ഒടുവിൽ ഗത്യന്തരമില്ലാതെ പ്രവാചകൻ നുഅ്മാനെ തേടിയിറങ്ങി. വഴിയിൽ കണ്ടവരോടൊക്കെ തിരുമേനി നുഅ്മാനെപ്പറ്റി അന്വേഷിച്ചു. ഈ അന്വേഷണങ്ങൾക്കിടയിലും പ്രവാചകൻ ചിരിക്കുന്നുണ്ടായിരുന്നു. തിരുമേനിയുടെ ഉറ്റബന്ധുവായ ദുആബയുടെ വീട്ടുവളപ്പിലെ ഒരു പടുകുഴിയിൽ നുഅ്മാൻ ഒളിച്ചിരിക്കുന്നുണ്ടെന്ന വിവരം കിട്ടി. ദേഹമാകെ ചപ്പുചവറുകൾ വലിച്ചിട്ട് ഒളിച്ചിരിക്കുകയായിരുന്നു അദ്ദേഹം. ശിരസ്സിലും മുഖത്താകെയും മണ്ണും ചെളിയും പറ്റിപ്പിടിച്ച് കോമാളിയെപ്പോലെ നിന്ന നുഅ്മാനെ കണ്ട പ്രവാചകന് ചിരി അടക്കാനായില്ല. തിരുമേനി തന്നെ അഴുക്കെല്ലാം തട്ടിമാറ്റി നുഅ്മാനെ കുഴിയിൽനിന്ന് കരകയറ്റി. തിരുമേനി തുടർച്ചയായി ചിരിച്ചപ്പോൾ സ്വഹാബികളിലേക്കും അതു പടർന്നു. ഗ്രാമീണന് തിരുമേനി ഒട്ടകത്തിന്റെ വില കൊടുത്തു. അയാളെ സമാധാനിപ്പിച്ചു യാത്രയാക്കി.

ഇവിടെയും പ്രവാചകന്റെ ചിരിയുടെ പ്രധാനഅംശം അനുകമ്പയായിരുന്നു. അതിലൂടെ വളർന്നത് മനുഷ്യത്വമായിരുന്നു. ഇതിൽ ഒരു ദയയുമുണ്ടായിരുന്നു. ചിരിയും കളികളുമൊക്കെ നിത്യജീവിതത്തിന്റെ ഭാഗമാണെന്ന് വിശ്വസിച്ച പ്രവാചകൻ ഒരിക്കൽ പറയുകയുണ്ടായി.

'ഞാൻ തമാശ പറയും; സത്യമല്ലാത്ത ഒന്നും പറയുകയുമില്ല.'

ഈ പ്രവാചക മൊഴിയിൽ

ഹാസ്യം എന്തായിരിക്കണമെന്ന പാഠം കൂടിയുണ്ട്. സത്യമല്ലാത്ത കാര്യങ്ങൾ പ്രതിയോഗിയെ പരിഹസിക്കാൻ പാകത്തിൽ നുണകളുടെ മേമ്പൊടി ചേർത്ത് അവതരിപ്പിക്കുന്നതിനേയും തുടർന്നുണ്ടാകുന്ന 'പടുചിരി'യേയും ഇസ്‌ലാം വെറുക്കുന്നു എന്നർഥം.

ചന്തയിൽ കച്ചവടം നടത്തിക്കൊണ്ടിരുന്ന ബദവീ സുഹൃത്തിനെ പ്രവാചകൻ കണ്ണുപൊത്തി. ബദവിക്ക് ആരാണ് തന്റെ കണ്ണു പൊത്തിയതെന്ന് പിടികിട്ടിയില്ല. കണ്ണുപൊത്തിക്കളി ബദവിക്കു മനസ്സിലായി എന്നറിഞ്ഞ പ്രവാചകൻ ചോദിച്ചു:

'ഈ അടിമയെ വാങ്ങാനാരുണ്ട്...'

താൻ വിലകെട്ടവനാണെന്നും വിലകെട്ട അടിമയെ വാങ്ങുന്നവന് നഷ്ടമായിരിക്കുമെന്നും പരിതപിച്ച ബദവീ സുഹൃത്തിനോട് പ്രവാചകൻ മൊഴിഞ്ഞു:

'ദൈവത്തിന്റെ അടുക്കൽ താങ്കൾ വിലകുറഞ്ഞവനല്ല.'

ആ അല്പ നേരത്തിൽ പ്രവാചകൻ ഒരു ബദവിയുടെ മാനസികാവസ്ഥക്കു തന്നെ മാറ്റമുണ്ടാക്കുന്നു. ഇതാണ് ദയയുടെ മാർഗം.

പ്രവാചക ജീവിതത്തിന്റെ ഭിന്ന മുഖങ്ങളെ അപഗ്രഥിച്ചാൽ ഇന്നത്തെ നേതൃനിരകളിൽ പൊതുവിലും മതനേതൃത്വങ്ങളിൽ വിശേഷിച്ചും അനുഭവപ്പെടാറുള്ള 'മസിൽ പിടുത്തം' കണ്ടെത്താനേ ആവില്ല. ഒരു നിമിഷം പാഴാക്കാതെ പ്രവാചകൻ സദാ ജോലികൾ നിർവഹിച്ചു. എല്ലാ മനുഷ്യരേയും തുല്യരായി കണ്ടു. ഈ ആസുരകാലത്ത് പ്രവാചകനിൽനിന്ന് അഭ്യസിക്കാനുള്ള വലിയൊരു പാഠം, ജീവിതത്തോടുള്ള അദ്ദേഹത്തിന്റെ സരളവും സരസവുമായ സമീപനമാണ്.

പന്ത്രണ്ടു വയസ്സുള്ളപ്പോൾ അബൂത്വാലിബിന്റെ ഒപ്പം സിറിയയിലേക്ക് യാത്ര ആരംഭിച്ചതുമുതൽ നാൽപതാം വയസ്സിൽ പ്രവാചകത്വം ലഭിക്കുന്നതുവരെയുള്ള മുഹമ്മദിന്റെ ജീവിതം മാത്രം അപഗ്രഥിച്ചാൽ ലാളിത്യത്തിന്റേതിലുപരി ജീവിതത്തിൽ പുലർത്തിയ നർമഭാവങ്ങളുടെ ഒട്ടേറെ ഉദാഹരണങ്ങൾ കിട്ടും. പ്രവാചകത്വ ലബ്ധിക്കു ശേഷമുള്ളത് നമുക്ക് അറിയാവുന്നതുമാണ്.

സ്വാമി വിവേകാനന്ദന്റെ മൊഴി നോക്കൂ....

'നമുക്കു(ഹിന്ദുക്കൾക്ക്) ഉൽകൃഷ്ടമായ തത്ത്വചിന്തകളെല്ലാമുണ്ടായിട്ടും, കാര്യത്തോട് അടുക്കുമ്പോൾ നമ്മുടെ കഴിവുകേട് നമുക്ക് നേരിട്ടു കാണാം... മറ്റു വർഗക്കാരെ അപേക്ഷിച്ച് മുഹമ്മദീയന്റെ മഹത്ത്വം നിങ്ങൾക്ക് അക്കാര്യത്തിൽ നിരീക്ഷിക്കാവുന്നതാണ്. സമത്വത്തിൽ കൂടി അത് പ്രകടമാവുന്നു. വർഗ-വർണ വ്യത്യാസമില്ലാത്ത സമ്പൂർണ സമത്വം.'

ഈ സമത്വം പുലരാൻ തന്റെ ജീവിതത്തിലാകമാനം പ്രവാചകൻ അനുഷ്ഠിച്ചത് ചിരിയും ചിന്തയും കലർന്ന ജീവിത ശൈലിയായിരുന്നു. ■